"മാതൃഭാഷ- ഭരണഭാഷ"

നമ്പർ: B1-17668/12.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 3-11-2012.

# സർക്കുലർ

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ്- ജീവനക്കാര്യം- വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് സാലറി സർട്ടിഫിക്കറ്റ്/ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നത്- സംബന്ധിച്ച്-

സൂചന: - -

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ കാര്യാലയങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ ചിട്ടി/ ലോൺ എന്നിവ നൽകാൻ ജീവനക്കാർക്ക് ക്രമാധിതമായി സാലറി സർട്ടിഫിക്കറ്റ് /നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നതുമൂലം യഥാസമയം തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി വരെയുള്ള നടപടികൾ വരുന്ന വിവരം ധാരാളം പരാതികൾ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇപ്രകാരം ജീവനക്കാർക്ക് ക്രമാധികമായി NLC നൽകുന്നതിലൂടെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും കാര്യലയ മേധാവിക്ക് റിക്കവറി നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിൽ കണ്ടുവരുന്നത്.

ഈ സാഹചര്യത്തിൽ കാര്യാലയ മേധാവികൾ താങ്കളുടെ കാര്യാലയത്തിലെ ജീവനക്കാർക്ക് ലോൺ കുടിശ്ശികയെ തുടർന്ന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നോട്ടീസുകൾ ലഭിക്കുന്ന ജീവനക്കാർക്ക് യാതൊരു കാരണവശാലും NLC നൽകാൻ പാടുള്ളതല്ല. അപ്രകാരം NLC നൽകുന്ന പക്ഷം അത് കാര്യാലയ മേധാവിയുടെ സ്വന്തം ഉത്തരവാദിത്വത്തിലായിരിക്കും. ആയതിനാൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ചുവടെ കാണിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ കാര്യാലയ മേധാവികളും കർശനമായി പാലിക്കേണ്ടതാണ്.

DB/2012

C473410

1. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നോട്ടീസ് ലഭിക്കുന്ന ജീവനക്കാർക്ക് യാതൊരു കാരണവശാലും സാലറി / നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകരുത്.
2. ഒരു ജീവനക്കാരന് ഒരു കലണ്ടർ വർഷം പരമാവധി രണ്ട് NLC മാത്രമേ നൽകാവൂ.
3. ജീവനക്കാർക്ക് സാലറി സർട്ടിഫിക്കറ്റ് നൽകുമ്പോൾ നിർബന്ധമായി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.
4. സാലറി സർട്ടിഫിക്കറ്റിന് ജീവനക്കാരൻ അപേക്ഷിക്കുമ്പോൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും റിക്കവറി നോട്ടീസ് ലഭിച്ചിട്ടില്ലെന്ന സത്യവാങ്മൂലം എഴുതി വാങ്ങേണ്ടതാണ്.

N. Radhakrishnan
S.S.
സാമൂഹ്യക്ഷേമ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. ഡയറക്ടറുടെ സി.എക്ക്
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ മേശപ്പുറത്ത്.
4. എല്ലാ സെക്ഷൻ മേലധികാരികൾക്കും.
5. സ്റ്റോക്ക് ഫയൽ / സ്പെയർ.

DB/2012